ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE:10.04.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തെ ജനകീയമാക്കുന്നതിൽ ഗവേഷണത്തിന് നിർണായക പങ്കെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
   **Research plays a crucial role in popularizing the homeopathic treatment system says President Droupadi Murmu.**

2. ലോക്സഭാ തിരഞ്ഞെടുപ്പിൻറെ ഒന്നും രണ്ടും ഘട്ടങ്ങളുടെ പ്രചാരണം ശക്തമാകുന്നു, മുതിർന്ന നേതാക്കളെ അണിനിരത്തി പൊതുറാലികൾ സംഘടിപ്പിച്ച് രാഷ്ട്രീയ പാർട്ടികൾ.
   **The campaign for the first and second phase of the Lok Sabha elections is intensifying, political parties organizing public rallies with senior leaders.**

3. ശ്രീലങ്കൻ ജയിലിൽ നിന്ന് മോചിതരായ 19 ഇന്ത്യൻ മത്സ്യത്തൊഴിലാളികൾ ഇന്ന് ചെന്നൈയിലെത്തി.
   **Nineteen Indian fishermen who were freed from Srilankan prisons reaches Chennai today.**

4. വ്രതശുദ്ധിയുടെ നാളുകൾക്ക് വിരാമമിട്ട് ഇസ്ലാം മത വിശ്വാസികൾ ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു.
   **Eid-ul-Fitr is being celebrated across the country with religious fervour and gaiety.**

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് - ഗുജറാത്ത് ടൈറ്റൻസ് പോരാട്ടം.
   **In IPL Cricket Rajasthan Royals will face Gujarat Titans today.**

&&&&&&&&&&&&&&&&&

## HEADLINE – 1
## PREZ-HOMEOPATHIC SYMPOSIUM

രോഗശാന്തിയുടെ ശാസ്ത്രമെന്ന നിലയിൽ ഹോമിയോപ്പതിക്ക് ലോകമെമ്പാടുമുള്ള 80 ഓളം രാജ്യങ്ങളിൽ പ്രചാരമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ലോക ഹോമിയോപ്പതി ദിനാഘോഷവും, ന്യൂ ഡൽഹിയിലെ യശോഭൂമി കൺവെൻഷൻ സെൻ്ററിൽ സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ സിമ്പോസിയവും ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ദേശീയ, അന്തർദേശീയ, പ്രാദേശിക തലങ്ങളിൽ ഹോമിയോപ്പതി പ്രോത്സാഹിപ്പിക്കുന്നതിൽ നിരവധി സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് ശ്രീമതി മുർമു അടിവരയിട്ടു. 21-ാം നൂറ്റാണ്ടിൽ ഗവേഷണത്തിന് കൂടുതൽ പ്രാധാന്യമുണ്ട്. ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തെ ജനകീയമാക്കുന്നതിലും അതിൻറെ വളർച്ചയും സ്വീകാര്യതയും ഉറപ്പാക്കുന്നതിലും ഗവേഷണം നിർണായകമാകുമെന്നും ശ്രീമതി മുർമു ചൂണ്ടിക്കാട്ടി.

**(ഹോൾഡ് വോയിസ്- പ്രസിഡൻ്റ്)**

കേന്ദ്ര ഹോമിയോപ്പതി ഗവേഷണ കൗൺസിൽ ആണ് ദ്വിദിന സിമ്പോസിയം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&

## HEADLINE – 2
## PM-TN CAMPAIGN

ലോക്സഭാ തിരഞ്ഞെടുപ്പിൻ്റെ ഒന്നും രണ്ടും ഘട്ടങ്ങളുടെ പ്രചാരണം ശക്തമാകുന്നു. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് തമിഴ്നാട്ടിലെ വെല്ലൂരിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യു. ഇന്ത്യ ഇന്ന് ലോകത്തെ മുൻനിര ശക്തിയായി

വളർന്നു വരികയാണെന്നും ഇതിൽ തമിഴ്നാട് വലിയ പങ്കുവഹിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ബഹിരാകാശ മേഖലയിൽ ഇന്ത്യയെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ തമിഴ്നാട് വലിയ സംഭാവനയാണ് നൽകിയത്. ഉൽപ്പാദനരംഗത്ത് ഇന്ത്യയെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ തമിഴ്നാടിൻറെ കഠിനാധ്വാനം നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. സഖ്യകക്ഷിയായ പി.എം.കെയുടെ ധർമപുരി സ്ഥാനാർത്ഥി സൗമ്യ അൻബുമണിയ്ക്കും വെല്ലൂരിൽ ബിജെപി ചിഹ്നത്തിൽ മത്സരിക്കുന്ന മറ്റൊരു സഖ്യകക്ഷി നേതാവ് എ.സി ഷൺമുഖത്തിനും വേണ്ടി അദ്ദേഹം വോട്ടഭ്യർത്ഥിച്ചു. ഇന്ന് കോയമ്പത്തൂരിനടുത്തുള്ള മേട്ടുപാളയത്ത് എത്തുന്ന പ്രധാനമന്ത്രി നീലഗിരിയിലെ ബിജെപി സ്ഥാനാർത്ഥി ഡോ എൽ മുരുഗൻ, കോയമ്പത്തൂരിലെ കെ അണ്ണാമലൈ, പൊള്ളാച്ചിയിലെ കെ വസന്തരാജൻ എന്നിവരെ പിന്തുണച്ച് പൊതുയോഗത്തിൽ സംസാരിക്കും. തമിഴ്നാട്ടിലെ 39 ലോക്സഭാ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് ഏപ്രിൽ 19ന് ആദ്യഘട്ടത്തിൽ നടക്കും.

&&&&&&&&&&&&&&&&

## RAHUL CONGRESS

ലോക്സഭാ തിരഞ്ഞെടുപ്പ് രണ്ട് വ്യത്യസ്ത ആശയങ്ങൾ തമ്മിലുള്ള പോരാട്ടമാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. രാജ്യത്തെ വിഭജിക്കാൻ വന്ന ശക്തികൾക്കൊപ്പം നിന്നവർക്കും രാജ്യത്തിൻ്റെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പോരാടിയവർക്കും ചരിത്രം സാക്ഷിയാണെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## RAJASTAN-ELECTION

രാജസ്ഥാനിൽ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട പ്രചാരണവും ഊർജിതമായി. ബിജെപി, കോൺഗ്രസ്, മറ്റ് പാർട്ടി നേതാക്കളും സ്വതന്ത്ര സ്ഥാനാർത്ഥികളും പ്രചാരണ തിരക്കിലാണ്. മുതിർന്ന ബിജെപി നേതാവും കേന്ദ്ര വിദേശകാര്യ മന്ത്രിയുമായ എസ് ജയശങ്കർ ഇന്ന് ബിക്കാനീറിൽ നടക്കുന്നസമ്മേളനത്തെ അഭിസംബോധന ചെയ്യും. ദൗസ, ജയ്പൂർ റൂറൽ, നാഗൗർ ലോക്സഭാ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ മുഖ്യമന്ത്രി ഭജൻ ലാൽ ശർമ ഇന്ന് പങ്കെടുക്കും. ഹരിയാന മുഖ്യമന്ത്രി നയാബ് സൈനി ഇന്ന് അൽവാർ ലോക്സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് യോഗങ്ങൾ നടത്തും. മറുവശത്ത്, കോൺഗ്രസ് രാജസ്ഥാൻ അധ്യക്ഷൻ ഗോവിന്ദ് ദോട്ടസാര ഹനുമാൻഗഢിലും ശ്രീഗംഗാനഗറിലും പാർട്ടി സ്ഥാനാർത്ഥികൾക്കായി പ്രചാരണം നടത്തും.

&&&&&&&&&&&&&&&&

## AMIT SHAH - BIHAR

ബിഹാറിലെ ഗയ ജില്ലയിൽ ഇന്ന് നടക്കുന്ന പൊതുയോഗത്തെ ബി ജെ പി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ അഭിസംബോധന ചെയ്യും. ഔറംഗബാദ് പാർലമെന്ററി മണ്ഡലത്തിലെ പാർട്ടി സ്ഥാനാർത്ഥിയുടെ പ്രചാരണത്തിൽ അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&

## BIHAR RJD

ബിഹാറിൽ ലോക് സഭാ തിരഞ്ഞെടുപ്പിന് 22 സ്ഥാനാർത്ഥികളുടെ പട്ടിക പുറത്തിറക്കി രാഷ്ട്രീയ ജനതാദൾ. പാർട്ടി മുതിർന്ന നേതാവ് ലാലു പ്രസാദിന്റെ

മക്കളായ മിസ ഭാരതി, രോഹിണി ആചാര്യ എന്നിവർ പാടലീപുത്ര, സാരൺ എന്നിവിടങ്ങളിൽ നിന്ന് മത്സരിക്കും. സംസ്ഥാനത്തെ ഇരുപത്തി മൂന്ന് മണ്ഡലങ്ങളിലാണ് ലാലു പ്രസാദിന്റെ നേതൃത്വത്തിലുള്ള ആർ.ജെ.ഡി മത്സരിക്കാൻ ധാരണയായിട്ടുള്ളത്.

&&&&&&&&&&&&&&&&&

## PM RAMTEK NAGPUR RALLY

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയിൽ, തിരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തും. നാഗ്പൂർ ജില്ലയിലെ കൻഹാനിൽ വൈകുന്നേരം പൊതുയോഗത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും. ശിവസേന ഷിൻഡെ വിഭാഗം സ്ഥാനാർത്ഥി രാജു പർവെ രാംടേക് മണ്ഡലത്തിൽ നിന്നും മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ നിതിൻ ഗഡ്കരി നാഗ്പൂർ മണ്ഡലത്തിൽ നിന്നും മത്സരിക്കുന്നു. നിതിൻ ഗഡ്കരിക്കെതിരെ കോൺഗ്രസ് പ്രസിഡന്റും പശ്ചിമ നാഗ്പൂർ എംഎൽഎയുമായ വികാസ് താക്കറെ മത്സരിക്കുന്നു. ശ്യാം ബാർവെയാണ് രാംടേക് മണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥി. ബഹുജൻ സമാജ് പാർട്ടി അധ്യക്ഷ മായാവതി നാളെ നാഗ്പൂരിലെ ഇൻഡോറയിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&

## NAGALAND-SHOW CAUSE NOTICE

നാഗാലാൻഡിലെ ബി ജെ പി നേതാവായ യഥുങ്കോ പത്തോണിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ കാരണം കാണിക്കൽ നോട്ടീസ് നൽകി. വോഖയിൽ ഈ മാസം അഞ്ചിന് നടന്ന പ്രചാരണ പരിപാടിയിൽ നടത്തിയ പരാമർശത്തിലാണ് നോട്ടീസ്. നാഗാലാൻഡ് പ്രദേശ്

കോൺഗ്രസ്സ് കമ്മിറ്റി സംഭവത്തിൽ നടപടി ആവശ്യപ്പെട്ട് തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചിരുന്നു.

&&&&&&&&&&&&&&&&

## THIRD PHASE

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ മൂന്നാം ഘട്ട വോട്ടെടുപ്പിനുള്ള വിജ്ഞാപനം വെള്ളിയാഴ്ച പുറപ്പെടുവിക്കും. മധ്യപ്രദേശ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലേയും ജമ്മു കശ്മീർ, ദാദ്ര നഗർ ഹവേലി, ദാമൻ ദ്യൂ ഉൾപ്പെടെയുള്ള കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും 94 മണ്ഡലങ്ങളിലേക്കാണ് മൂന്നാംഘട്ടത്തിൽ വോട്ടെടുപ്പ്.

&&&&&&&&&&&&&&&&

## NTA

വോട്ട് രേഖപ്പെടുത്തിയ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകൾ എഴുതുന്നതിൽ യാതൊരു തടസ്സവും ഉണ്ടാകില്ലെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. ഇത് സംബന്ധിച്ചു സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വാർത്ത അടിസ്ഥാനരഹിതമാണ്. വോട്ടു രേഖപ്പെടുത്തുമ്പോൾ വിരലിൽ മഷി പുരട്ടുന്നതിനാൽ അത് പരീക്ഷയിൽ വിലക്ക് ഏർപ്പെടുത്തുന്നതിന് കാരണമാകുമെന്ന രീതിയിലായിരുന്നു പ്രചരണം. വിദ്യാർഥികൾ തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും എൻ ടി എ നിർദേശിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 4

## ID UL FITR

വ്രതശുദ്ധിയുടെയും ആത്മസമർപ്പണത്തിന്റെയും പുണ്യദിനമായി വിശ്വാസികൾ ഇന്ന് റമദാൻ ആഘോഷിക്കുന്നു. രാവിലെ പള്ളികളിലും ഈദ് ഗാഹുകളിലും പെരുന്നാൾ നമസ്കാരം നടന്നു. പരസ്പരം സ്നേഹം പങ്കുവെച്ചു കുടുംബങ്ങൾ ഒത്തു കൂടുന്നു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ രാവിലെ ബീമാപള്ളിയിലെ ഈദ്ഗാഹിൽ പങ്കെടുത്തു. യു എ ഇ ഉൾപ്പെടെ ഗൾഫ് നാടുകളിലും ഇന്നാണ് ഈദുൽ ഫിത്വർ. മേഖലയിലുടനീളം വിശുദ്ധ റംസാൻ മാസത്തിന്റെയും നോമ്പാചരണത്തിന്റെയും സമാപനം കുറിച്ചാണ് പ്രഖ്യാപനം. യു എ ഇ - യിലെ പൊതുമേഖലാ ജീവനക്കാർക്ക് ഈദ് ആഘോഷത്തിന്റെ ഭാഗമായി ഈ മാസം എട്ട് മുതൽ 14 വരെ അവധിയാണ്.

&&&&&&&&&&&&&&&&&

## TEMPERATURE

കേരളത്തിൽ അന്തരീക്ഷ താപനില ഉയരുന്നു. പാലക്കാട് താപനില 41 ഡിഗ്രി സെൽഷ്യസിലെത്തി. തീരദേശത്തും ഉൾപ്രദേശത്തും ഇന്ന് ചൂട് ക്രമാതീതമായി ഉയരുമെന്ന് മുന്നറിയിപ്പുണ്ട്. ശനിയാഴ്ച വരെ സംസ്ഥാനത്ത് 40 മുതൽ 41 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്നാണ് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&

# WHO-HEPATITIS - INTRO

വൈറൽ ഹെപ്പറ്റൈറ്റിസ് ബാധിച്ച് മരണമടയുന്നവരുടെ എണ്ണം ക്രമാതീതമായി വർധിക്കുകയാണെന്ന് ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് .ഈ വർഷത്തെ ഗ്ലോബൽ ഹെപ്പറ്റൈറ്റിസ് റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിരിക്കുന്നത്.

**വിശദാംശങ്ങളിലേക്ക്.............**

(വോയ്സ്)

*ലോകത്താകമാനം ദിനംപ്രതി 3500 പേർക്കാണ് വൈറൽ ഹെപ്പറ്റൈറ്റിസ് മൂലം ജീവൻ നഷ്ടപ്പെടുന്നത്. പ്രതിവർഷം 1.3 ദശലക്ഷമാണ് മരണസംഖ്യ. ചികിത്സയ്ക്ക് ഫലപ്രദമായ ജനറിക് മരുന്നുകൾ ലഭ്യമാണ്. എന്നാൽ 2022 വരെയുള്ള കണക്കുകൾ പ്രകാരം ഹെപ്പറ്റൈറ്റിസ് ബി ബാധിച്ചവരിൽ മൂന്ന് ശതമാനം പേർക്ക് മാത്രമാണ് ആൻറിവൈറൽ ചികിത്സ ലഭിച്ചത്. ഹെപ്പറ്റൈറ്റിസ് കേസുകളിൽ മൂന്നിൽ രണ്ട് ഭാഗവും റിപ്പോർട്ട് ചെയ്യുന്നത് ബംഗ്ലാദേശ്, ചൈന, എത്യോപ്യ, ഇന്ത്യ, ഇന്തോനേഷ്യ, പാകിസ്ഥാൻ എന്നീ രാജ്യങ്ങളിലാണ്. മരണസംഖ്യ ഉയരുന്ന സാഹചര്യം നേരിടാൻ അടിയന്തര നടപടി കൈക്കൊള്ളണമെന്നാണ് ലോകാരോഗ്യ സംഘടന നൽകുന്ന നിർദേശം.*

***ന്യൂസ് ഡെസ്ക്, ആകാശവാണി........***

&&&&&&&&&&&&&&&&

## HEADLINE – 3
## TN - FISHERMEN RELEASE

ശ്രീലങ്കൻ ജയിലിൽ നിന്ന് മോചിതരായ 19 ഇന്ത്യൻ മത്സ്യത്തൊഴിലാളികൾ ഇന്ന് രാവിലെ ചെന്നൈയിലെത്തി. രാമനാഥപുരം ജില്ലയിൽ നിന്നുള്ള 21 മത്സ്യത്തൊഴിലാളികൾ മാർച്ച് 17 ന് രണ്ട് ബോട്ടുകളിലായി മത്സ്യബന്ധനത്തിന് പോയിരുന്നു. ഇവരുടെ ബോട്ടുകൾ അന്താരാഷ്ട്ര സമുദ്രാതിർത്തി ലംഘിച്ചതിനാൽ ശ്രീലങ്കൻ നാവികസേന പിടികൂടുകയായിരുന്നു. തുടർന്ന് ജാഫ്ന കോടതിയിൽ ഹാജരാക്കിയ ഇവരിൽ ഒരാൾക്ക് അതിക്രമിച്ച് കയറിയതിന് ഒന്നിലധികം തവണ അറസ്റ്റിലായതിനാൽ ഒരു വർഷവും മറ്റൊരാൾക്ക് ആറുമാസവും തടവ് ശിക്ഷ വിധിച്ചു.

&&&&&&&&&&&&&&&&

## PM - IRELAND PM

അയർലൻഡിന്റെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട സൈമൺ ഹാരിസിന് അഭിനന്ദനം അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയും അയർലൻഡും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തെയും ജനാധിപത്യ മൂല്യങ്ങളിലുള്ള വിശ്വാസത്തെയും ഏറെ വിലമതിക്കുന്നതായി സാമൂഹിക മാധ്യമ കുറിപ്പിൽ പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

## COURT - KEJRIWAL

ജുഡീഷ്യൽ കസ്റ്റഡിയിൽ അഭിഭാഷകരെ കാണാൻ കൂടുതൽ സമയം വേണമെന്ന് ആവശ്യപ്പെട്ട് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ നൽകിയ അപേക്ഷ

കോടതി തള്ളി. കെജ്രിവാളിന് ഇളവ് അനുവദിക്കുന്നതിന് മതിയായ കാരണങ്ങളില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഇ ഡി, സി ബി ഐ കേസുകൾക്കുള്ള പ്രത്യേക ജഡ്ജി അപേക്ഷ തള്ളിയത്. മദ്യ നയവുമായി ബന്ധപ്പെട്ട കേസിൽ ഏപ്രിൽ 15 വരെയാണ് കെജ്‌രിവാളിനെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരിക്കുന്നത്.

&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് രാത്രി 7 .30 ന് നടക്കുന്ന മത്സരത്തിൽ പഞ്ചാബ് എഫ് സി, ഈസ്റ്റ് ബംഗാളിനെ നേരിടും.

&&&&&&&&&&&&&&&&

## HEADLINE – 5

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് ഗുജറാത്ത് ടൈറ്റൻസുമായി ഏറ്റുമുട്ടും. രാത്രി 7.30 നു ജയ്പ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&